# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4693
## 23.07.2015- ലെ മറുപടിക്ക്

### ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ

| ചോദ്യം<br><br>**ശ്രീ. കെ. രാധാകൃഷ്ണൻ** | ഉത്തരം<br><br>**ശ്രീ. കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എം.എൽ.എ മാർ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശുപാർശ ചെയ്യുന്ന ചെറുകിട കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം കേരള വാട്ടർ അതോറിറ്റിയെ ഏല്പിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;<br><br>(ബി) ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വീതം വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശുപാർശ ചെയ്തിരുന്ന ആലംകോട്ട് കുന്ന് കുടിവെള്ള പദ്ധതി, പാറപ്പുറം കുടിവെള്ള പദ്ധതി എന്നീ പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയതിനെ തുടർന്നുണ്ടായ കാലതാമസത്തെക്കുറിച്ചും പകരം പദ്ധതി നിർവഹണം തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും എം.എൽ.എ നൽകിയ കത്ത് ലഭിച്ചിട്ടുണ്ടോ;<br><br>(സി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വീതം വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശുപാർശ ചെയ്തിരുന്ന ആലംകോട്ട് കുന്ന് കുടിവെള്ള പദ്ധതി, പാറപ്പുറം കുടിവെള്ള പദ്ധതി എന്നിവ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയതിനെ തുടർന്നുണ്ടായ കാലതാമസത്തെക്കുറിച്ചും പകരം പദ്ധതി നിർവഹണം തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ടും ബഹു. എം.എൽ.എ നൽകിയ കത്ത് ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ടി കത്തിൽ ചെറുകിട കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം കേരള വാട്ടർ അതോറിറ്റിയെ ഏല്പിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മേൽ പറഞ്ഞ കുടിവെള്ള പദ്ധതികൾ ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും പ്രവൃത്തികളുടെ ഇപ്പോഴത്തെ നില സംബന്ധിച്ചുള്ള വിവരവും ലഭ്യമാകുന്നതിനായി ടി കത്തിന്റെ പകർപ്പ് ജലസേചന (സി) വകുപ്പിന് നല്കിയിട്ടുണ്ട്. |
| (ഡി) രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ഈ പ്രദേശങ്ങളിൽ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട പദ്ധതികൾ ആകയാൽ ഇവ രണ്ടും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പിനെ കൊണ്ട് നിർവഹണം നടത്തുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | പ്രസ്തുത കത്തിനുള്ള മറുപടി ലഭ്യമായതിനു ശേഷം ടി പ്രവർത്തികൾ ടെൻഡർ ചെയ്തിട്ടില്ലായെങ്കിൽ അവ രണ്ടും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പിനെ കൊണ്ട് നിർവഹണം നടത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |

Sreekumar AC

**സെക്ഷൻ ഓഫീസർ**